പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2802 10.12.2014 ന് മറുപടിക്ക്

ബാർബർ ബ്യൂട്ടീഷൻ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. ചന്ദ്രൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ബാർബർ ബ്യൂട്ടീഷൻ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്ന വ്യക്തമാക്കുമോ; | എ) ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതിയിൽ നിന്നും താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.<br>1. വിവാഹ ആനുകൂല്യം<br>2. പ്രസവ ആനുകൂല്യം<br>3. മരണാനന്തര ആനുകൂല്യം<br>4. വിദ്യാഭ്യാസ ആനുകൂല്യം<br>5. പെൻഷൻ ആനുകൂല്യം |
| ബി) നിലവിൽ ലഭിക്കുന്ന പെൻഷൻ തുക 500/- രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ പ്രതിമാസ പെൻഷൻ നിലവിൽ 600 രൂപയാണ്. ടി പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |
| സി) റിട്ടയർമെന്റ്/മരണാനന്തര ആനുകൂല്യം ഇപ്പോൾ എത്ര രൂപയാണ് അനുവദിക്കുന്നത്; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യവും മരണമടയുന്ന അംഗത്തിന്റെ അവകാശിക്ക് 10,500/- രൂപ മരണാനന്തര ആനുകൂല്യമായും നൽകി വരുന്നു. ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |
| ഡി) ബാർബർ ബ്യൂട്ടീഷൻ തൊഴിലാളികളെ ESI ആനുകൂല്യ പരിധിയിൽ ഉൾപ്പെടുത്തി ഹെൽത്ത് കാർഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ